പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 102

08.02.2013 ൽ മറുപടിക്ക്

## സബ്സിഡി നിരക്കിൽ നൽകുന്ന ഗ്യാസ് സിലിണ്ടറുകളുടെ എണ്ണം കൂട്ടാൻ നടപടി

**ചോദ്യം**

ശ്രീ. എസ്. രാജേന്ദ്രൻ:
„ എ. പ്രദീപ് കുമാർ:
„ വി. ശിവൻകുട്ടി:
„ സാജു പോൾ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) കേന്ദ്ര സർക്കാർ സബ്സിഡി നിരക്കിൽ നൽകുന്ന പാചക വാതക സിലിണ്ടറുകളുടെ എണ്ണം കുറച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട് വിശദമാക്കാമോ ; ഒരു കുടുംബത്തിന് ഒരു വർഷം എത്ര സിലിണ്ടർ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(എ) കേന്ദ്ര സർക്കാർ ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡിയോടുകൂടിയ പാചക വാതക സിലിണ്ടറുകളുടെ എണ്ണം 6 ആക്കി ചുരുക്കിയ സാഹചര്യത്തിൽ ഒരു വർഷത്തിൽ ഒൻപതു സിലിണ്ടറുകളിൽ കൂടുതൽ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരുവീട്ടിൽ ഒരുകണക്ഷൻ മാത്രം നിലനിർത്തിക്കൊണ്ട് കഴിഞ്ഞ വർഷം വാങ്ങിയ അത്രയും സിലിണ്ടറുകൾ സബ്സിഡി നിരക്കിൽ ലഭിക്കുവാൻ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് അർഹതയുണ്ടായിരിക്കുമെന്ന് 27.10.12 ലെ 271/12 ഭ.പൊ.വി.വ. നമ്പർ പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 17.01.2013ലെ കേന്ദ്ര പെട്രോളിയം & നാച്ചുറൽ ഗ്യാസ് മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് 14.09.2012 മുതൽ 31.3.2013 വരെ 5 പാചക വാതക സിലിണ്ടറുകളും 01.04.2013 മുതൽ വർഷത്തിൽ 9 പാചക വാതക സിലിണ്ടറുകളും സബ്സിഡി നിരക്കിൽ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 96.59% കുടുംബങ്ങളും വർഷത്തിൽ 10 സിലിണ്ടറുകളിൽ താഴെയാണ് ഉപയോഗിക്കുന്നത് എന്ന് എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എത്ര കുടുംബ ങ്ങൾക്ക് കേന്ദ്ര സർക്കാർ തീരുമാനം മൂലം സബ്സിഡി നിരക്കിലുള്ള ഗ്യാസ് സിലിണ്ടറിൽ കുറവ് നേരിടുമെന്ന് വ്യക്തമാക്കാമോ;

(ബി) സബ്സിഡി നിരക്കിൽ പത്തോ അതിൽ കൂടുതലോ സിലിണ്ടറുകൾ മുൻവർഷം ഉപയോഗിച്ചുകൊണ്ടിരുന്ന സംസ്ഥാനത്തെ 249815(3.41%) ഉപഭോക്താക്കൾക്ക് അവർ മുൻവർഷം ഉപയോഗിച്ചുകൊണ്ടിരുന്ന സിലിണ്ടറുകളുടെ എണ്ണത്തിൽ കുറവു വരും എന്ന് എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്

(സി) ഗ്യാസ് കണക്ഷനുള്ള എത്രപേർ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും ഗ്യാസ് കണക്ഷനുള്ള കുടുംബങ്ങൾ മൊത്തം എത്രയെന്നും ഇനിയും ഗ്യാസ് കണക്ഷന് അപേക്ഷ നല്കി കാത്തിരിക്കുന്നവർ എത്രയാണെന്നും വിശദമാക്കാമോ;

(സി) ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിന് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാത്തതിനാൽ ബി.പി.എൽ പട്ടികയിൽ ഗ്യാസ് കണക്ഷനുള്ള എത്ര പേരുണ്ടെന്ന് പറയാൻ കഴിയില്ല. എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചിരിക്കുന്നതു പ്രകാരം കേരളത്തിൽ 73,24,899 ഉപഭോക്താക്കളുണ്ട്. ഗ്യാസ് കണക്ഷന് അപേക്ഷ നല്കി കാത്തിരിക്കുന്നവരുടെ വിവരം ചുവടെചേർക്കുന്നു

| | | |
|---|---|---|
| ഐ.ഒ.സി. | - | 42755 |
| എച്ച്.പി.സി. | - | ഇല്ല, |
| ബി.പി.സി. | - | 33102 |
| ആകെ | - | 75857 |

(ഡി) സബ്സിഡി നിരക്കിൽ നല്കുന്ന ഗ്യാസ് സിലിണ്ടറുകളുടെ എണ്ണം കേന്ദ്രം വെട്ടിക്കുറച്ച സാഹചര്യത്തിൽ ഒരു വർഷം എത്ര ഗ്യാസ് സിലിണ്ടറുകൾ നല്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്; അതിനായി സ്വീകരിച്ച നടപടികൾ എന്ത് എന്നറിയിക്കുമോ ?

കേന്ദ്ര സർക്കാർ ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡിയോടുകൂടിയ പാചക വാതക സിലിണ്ടറുകളുടെ എണ്ണം 6 ആയി നിജപ്പെടുത്തിയപ്പോൾ ഒരു വർഷത്തിൽ ഒൻപതു സിലിണ്ടറുകളിൽ കൂടുതൽ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരുവീട്ടിൽ ഒരുകണക്ഷൻ മാത്രം നിലനിർത്തിക്കൊണ്ട് കഴിഞ്ഞ വർഷം വാങ്ങിയ അത്രയും സിലിണ്ടറുകൾ സബ്സിഡി നിരക്കിൽ ലഭിക്കുവാൻ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് അർഹതയുണ്ടായിരിക്കുമെന്ന് 27.10.12 ലെ 271/12 ഭ.പൊ.വി.വ. നമ്പർ പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് സബ്സിഡി സിലിണ്ടറുകളുടെ എണ്ണം 6 ൽ നിന്ന് 9 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാചകവാതക സിലിണ്ടറിന് സബ്സിഡി നല്കേണ്ടതുണ്ടെന്ന് സംസ്ഥാന ഗവൺമെന്റ് കരുതുന്നില്ല.

സെക്ഷൻ ഓഫീസർ